**ഭരണഭാഷ - മാതൃഭാഷ**

**നമ്പർ:എച്ച് (2)/35985/2016/ഡിപിഐ** **പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
**തിരുവനന്തപുരം, തീയതി: 08.08.2016**

പ്രേഷിതാവ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും

സർ,

**വിഷയം:- പൊതു വിദ്യാഭ്യാസം - 2015-16 വർഷം തസ്തിക നഷ്ടമായ സംരക്ഷിത അധ്യാപകരുടെയും, അനധ്യാപകരുടെയും പുനർവിന്യാസവും തസ്തിക നിർണയവും - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതു സംബന്ധിച്ച്.**

സൂചന:- 1) 05.08.2016 ലെ ജി.ഒ(പി) നമ്പർ 134/2016/പൊ.വി.വ
2) 29.01.2016 ലെ ജി.ഒ(പി) നമ്പർ 29/2016/പൊ.വി.വ

സൂചന ഒന്നിലെ ഉത്തരവിലേക്ക് താങ്കളുടെ ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

1) സൂചന (2) ഉത്തരവ് പ്രകാരം തസ്തിക നിർണയം നടത്തിയപ്പോൾ തസ്തിക നഷ്ടമായ സംരക്ഷിത അധ്യാപക/അനധ്യാപക ജീവനക്കാരുടെ പുനർവിന്യാസത്തിനുള്ള മാർഗനിർദേശങ്ങളാണ് സൂചന ഒന്നിലെ ഉത്തരവിലൂടെ സർക്കാർ പുറപ്പെടുവിച്ചിരിക്കുന്നത്. ഇവ കൃത്യതയോടെ പാലിച്ച് രണ്ട് ആഴ്ചയ്ക്കുള്ളിൽ പുനർവിന്യാസം പൂർത്തിയാക്കി ഇവരുടെ ശമ്പള വിതരണം പുനരാരംഭിക്കാൻ നമുക്ക് കഴിയണം.

2) സൂചന രണ്ടിലെ ഉത്തരവിലെ ഖണ്ഡിക III (2) ലും, സൂചന ഒന്നിലെ ഉത്തരവിലും ഉള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പുനർവിന്യാസം നടത്തേണ്ടത്. ഇതിനായി സംരക്ഷിത അധ്യാപകരുടെയും, അനധ്യാപകരുടെയും കാറ്റഗറി അടിസ്ഥാനത്തിലുള്ള ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച്, ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ച്, അവ പരിശോധിച്ച് ലിസ്റ്റ് അന്തിമമാക്കണം. തുടർന്ന് ഒരാഴ്ചയ്ക്കുള്ളിൽ പുനർവിന്യാസവും പൂർത്തിയാക്കണം. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ട ജോലിയായതിനാൽ ജില്ലയിലെ എല്ലാ ഓഫീസുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതലത്തിൽ രണ്ട് വർക്ക്ഷോപ്പുകൾ (ലിസ്റ്റ് തയ്യാറാക്കലിനും പുനർവിന്യാസത്തിനും) നടത്തി പുനർവിന്യാസപ്രവർത്തനങ്ങൾ 23.08.2016 ന് അവസാനിപ്പിക്കേണ്ടതാണ്. വിവരങ്ങൾ ശേഖരിക്കാൻ ഓഫീസുകളിലേക്ക് കത്തയച്ച് കാത്തിരിക്കുന്ന പതിവ് പരിപാടി ഇക്കാര്യത്തിൽ പാടില്ല.

3) പുനർവിന്യസിക്കപ്പെടുന്നവരുടെ ശമ്പളം സൂചന രണ്ടിലെ ഉത്തരവിലെ ഖണ്ഡിക III (4) ബി പ്രകാരം നൽകേണ്ടതാണ്.

4) സീനിയോറിറ്റി അടിസ്ഥാനത്തിൽ മാത്രമേ പുനർവിന്യാസം നടത്താൻ പാടുള്ളൂ. സീനിയറായുള്ള ആൾ പുനർവിന്യസിക്കപ്പെടാതെ നിൽക്കുമ്പോൾ ജൂനിയർ പുനർവിന്യസിക്കപ്പെട്ട് ശമ്പളം വാങ്ങുന്ന സ്ഥിതി സംജാതമാകരുത്. വിവാദരഹിതമായിരിക്കണം പുനർവിന്യാസ ഉത്തരവുകൾ. നിലവിൽ എസ്റ്റാബ്ലിഷ് ചെയ്യപ്പെട്ട നിർദിഷ്ട ഒഴിവുകളിലേക്കാണ് ആദ്യമാദ്യം ജീവനക്കാരെ പുനർവിന്യസിക്കേണ്ടത്. അധ്യാപകരെ പരമാവധി അവരുടെ വീട് സ്ഥിതി ചെയ്യുന്ന ഉപജില്ലയിൽ/വിദ്യാഭ്യാസ ജില്ലയിൽ പുനർവിന്യസിക്കാനും ശ്രദ്ധിക്കണം. പുനർ വിന്യാസ പ്രവർത്തനങ്ങൾ അവസാനിക്കുമ്പോൾ പരാതികളുടെ പെരുമഴ ഉണ്ടാകാതിരിക്കാൻ താങ്കളുടെ സവിശേഷ ശ്രദ്ധ ഇതിന്റെ ഓരോ ഘട്ടത്തിലും ഉണ്ടാകണം. സംരക്ഷണത്തിന് അർഹതയില്ലാത്ത ആർക്കും പുനർവിന്യാസത്തിന് അർഹതയില്ലെന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5) ആർ.എം.എസ്.എ വഴി ഉയർത്തിയ സ്കൂളുകളിലേക്കുള്ള ഹൈസ്കൂൾ അസിസ്റ്റന്റുമാരുടെ പുനർവിന്യാസത്തിന് പ്രഥമ പരിഗണന നൽകണം. ഇത്തരം വിദ്യാലയങ്ങളിലെ അധ്യാപകക്ഷാമം മൂലമുണ്ടായിട്ടുള്ള പരാതികൾക്ക് ഇതോടെ ശാശ്വത പരിഹാരമുണ്ടാകണം.

6) ഏതെങ്കിലും തസ്തികയിലേക്ക് പുനർവിന്യസിക്കാൻ ജീവനക്കാരെ ജില്ലയിൽ ലഭ്യമല്ലെങ്കിൽ മറ്റ് ജില്ലകളിൽ അവ ലഭ്യമാണോയെന്ന് അന്വേഷിച്ച് നടപടികൾ സ്വീകരിക്കണം. ജില്ലയിൽ പുനർവിന്യസിക്കാൻ ഒഴിവില്ലാതെ ജീവനക്കാർ അധികമുണ്ടെങ്കിൽ അവരെ മറ്റ് ജില്ലകളിൽ ലഭ്യമായ ഒഴിവുകളിൽ നിയമിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്. പുനർവിന്യാസത്തിന് ശേഷം ബാക്കിയാകുന്ന ജീവനക്കാരുടെയും ഒഴിവുകളുടെയും വിവരങ്ങൾ 27/08/2016 ന് വൈകീട്ട് 5 മണിക്കുമുമ്പായി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. (ഇ-മെയിൽ : dpisecretsection@gmail.com)

7) കോർപ്പറേറ്റ് മാനേജ്മെന്റുകളിൽപെട്ട സ്കൂളുകളിലെ തസ്തിക നഷ്ടമായ അധ്യാപകരെയും അവർക്ക് തസ്തിക നഷ്ടമായ ജില്ലയിൽതന്നെ ആവശ്യമെങ്കിൽ പുനർവിന്യസിക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുന്നതിനു മുമ്പ് അവരെ ക്രമീകരിക്കാൻ മാനേജ്മെന്റിൽ നിലവിൽ ഒഴിവുകളില്ലെന്നും അവരുടെ കാറ്റഗറിയിലെ ജൂനിയർ ടീച്ചർ അവർ തന്നെയാണെന്നും അവരുടെ സീനിയർ അധ്യാപകരെല്ലാം സ്ഥിരം തസ്തികകളിൽ ജോലി നോക്കുന്നുണ്ടെന്നും കാണിക്കുന്ന ഒരു സാക്ഷ്യപത്രം കോർപ്പറേറ്റ് മാനേജരിൽനിന്നു വാങ്ങിയിരിക്കണം.

8) ജില്ലയിലെ സംരക്ഷിതാധ്യാപകരുടെ ലിസ്റ്റ് തയ്യാറാക്കൽ/അന്തിമമാക്കൽ, പുനർവിന്യാസം എന്നിവയ്ക്കുള്ള വർക്ക്ഷോപ്പുകളുടെ സ്ഥലവും തീയതിയും സമയവും ഡയറക്ടറേറ്റിൽകൂടി മുൻകൂട്ടി അറിയിക്കേണ്ടതാണ്. ഈ ക്യാമ്പുകളിൽ ഡയറക്ടറേറ്റിൽനിന്നുള്ള ഉദ്യോഗസ്ഥരും പങ്കെടുക്കുന്നതാണ്.

9) 2015-16 ലെ തസ്തിക നിർണയം തന്നെ 2016-17 ലും തുടരും എന്ന് സർക്കാർ നിർദേശിച്ച സാഹചര്യത്തിൽ 2015-16 ലെ തസ്തിക നിർണയ ഫയലുകളുടെ പരിശോധന (കേരള വിദ്യാഭ്യാസ ചട്ടം അധ്യായം XXIII, റൂൾ '12 സി' പ്രകാരമുള്ളത്) ഉടൻ പൂർത്തിയാക്കേണ്ടതാണ്. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിക്കുന്ന എല്ലാ തസ്തിക നിർണയ ഉത്തരവുകളും ജില്ലാ വിദ്യാഭ്യാസ ഓഫീസറും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിക്കുന്ന എല്ലാ തസ്തിക നിർണയ ഉത്തരവുകളും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും പരിശോധിച്ചിരിക്കണം. ആവശ്യമെന്നു കണ്ടാൽ ഭേദഗതി നിർദേശങ്ങളും നൽകണം. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പുറപ്പെടുവിച്ചതും ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ചതുമായ ഉത്തരവുകളിൽ കുറഞ്ഞത് 10 ശതമാനം കൂടി വിദ്യാഭ്യാസ ഉപഡയറക്ടർ പരിശോധിക്കേണ്ടതാണ്. പല ജില്ലകളിലും ഈ പരിശോധന എയ്ഡഡ് സ്കൂളുകളുടെ ഫയലുകളിൽ പരിമിതപ്പെടുത്തുന്നതായി അറിയുന്നു. സർക്കാർ സ്കൂളുകളെ സംബന്ധിച്ച ഫയലുകളിലെ ഈ പരിശോധന ഒഴിവാക്കാൻ പാടില്ലെന്നും അറിയിക്കുന്നു.

ജില്ലയിലെ മുഴുവൻ വിദ്യാഭ്യാസ ഓഫീസുകളിലെയും ജീവനക്കാരെ കർമ്മോത്സുകരാക്കി പുനർവിന്യാസ പ്രവർത്തനങ്ങൾ നിർദിഷ്ട സമയപരിധിക്കു ള്ളിൽത്തന്നെ പൂർത്തീകരിക്കാൻ താങ്കൾ നേതൃത്വപരമായ പങ്ക് വഹിക്കണമെന്നും ഈ പ്രവർത്തനങ്ങളിൽ ഒരു തലത്തിലും അലംഭാവമോ വീഴ്ചകളോ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കണമെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

കെ.വി. മോഹൻകുമാർ ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
*(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*